(ബി) ഇത് സംബന്ധമായി ഗ്രാമപഞ്ചായത്തും സ്ഥലം എം. എൽ. എ. യും നൽകിയ നിവേദനങ്ങളിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) ഇത് ഉടനെ പ്രാവർത്തികമാകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പുതിയ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വാഗ്ദാനം ചെയ്തിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ മൊറയൂർ ഉൾപ്പെടെ 177 എണ്ണമാണുള്ളത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും ബജറ്റിൽ അനുവദിക്കുന്ന തുകയും കണക്കിലെടുത്ത് ഘട്ടം ഘട്ടമായാണ് പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നത്.

ആശുപത്രികളിൽ രോഗികളെ കിടത്തി ചികിൽസിപ്പിക്കുന്നതിന് നടപടി

185 [1791] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ വാഴക്കാട്, വാഴയൂർ, കൂന്തൽമാട്, ചേലേമ്പ്ര, മൊറയൂർ, പുളിക്കൽ തുടങ്ങിയ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിൽസിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ ഗവൺമെന്റ് എടുത്ത നടപടികൾ എന്തെല്ലാമാണ്;

(സി) ഈ ആവശ്യം എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) മേൽപ്പറഞ്ഞ ആരോഗ്യകേന്ദ്രങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രികളുടെ വികസനം

186 [1792] *ശ്രീ. കെ. കെ. ജയചന്ദ്രൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ ആശുപത്രികളുടെ വികസന പ്രവർത്തനമാണ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഏതെല്ലാം ആശുപത്രികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. പി. എച്ച്. സി., ബൈസൻവാലി

2. പി. എച്ച്. സി., തട്ടക്കുഴ

3. പി. എച്ച്. സി., വാഴത്തോപ്പ്

4. പി. എച്ച്. സി., ഇടവെട്ടി എന്നീ ആരോഗ്യ കേന്ദ്രങ്ങളുടെ വികസന പ്രവർത്തനമാണ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പി. എച്ച്. സി., ബൈസൻവാലി, പി. എച്ച്. സി., തട്ടക്കുഴ, പി. എച്ച്.സി., വാഴത്തോപ്പ്, പി. എച്ച്. സി., ഇടവെട്ടി എന്നീ ആരോഗ്യ കേന്ദ്രങ്ങൾക്കു പുറമേ

പി. എച്ച്. സി., ശാന്തൻപാറ

പി. എച്ച്. സി., രാജാക്കാട്

പി. എച്ച്. സി., രാജകുമാരി

പി. എച്ച്. സി., അയ്യപ്പൻകോവിൽ

സി. എച്ച്. സി., നെടുങ്കണ്ടം

പി. എച്ച്. സി., കാഞ്ചിയാർ

പി. എച്ച്. സി., അടിമാലി

പി. എച്ച്. സി., കഞ്ഞിക്കുഴി

പി. എച്ച്. സി., വെള്ളത്തൂവൽ

പി. എച്ച്. സി., ചിത്തിരപുരം

പി. എച്ച്. സി., ചെമ്പകപ്പാറ

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പീരുമേട് എന്നീ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രോജക്ട് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(സി) ഉത്തരം ബി യിൽ പരാമർശിച്ചിരിക്കുന്ന ആരോഗ്യകേന്ദ്രങ്ങളിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ (പി. എച്ച്. സി., ബൈസൻവാലി, പി. എച്ച്. സി., തട്ടക്കുഴ, പി. എച്ച്. സി., വാഴത്തോപ്പ്, പി. എച്ച്.സി., ഇടവെട്ടി) പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുന്നതിനായി 2004 ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് പരിഷ്കരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റും കോസ്റ്റ് എസ്കലേഷൻ പ്രോപ്പോസലും തയ്യാറാക്കി സർക്കാരിന് ലഭ്യമാക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോസ്റ്റ് എസ്കലേഷൻ പ്രൊപ്പോസൽ നബാർഡിൽ

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ച് അംഗീകാരം നേടിയതിനുശേഷം പ്രസ്തുത പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുന്നതാണ്. ആവശ്യമായ വിഹിതം ആരോഗ്യമേഖലയ്ക്ക് നബാർഡിന്റെ ആർ.ഐ.ഡി. എഫ്.-X ൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ അവശേഷിക്കുന്ന ആരോഗ്യ കേന്ദ്രങ്ങളുടെ പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡിന് സമർപ്പിച്ചിട്ടില്ല.

ചികിൽസാ ധനസഹായ സൊസൈറ്റിയിൽ നിന്നും ധനസഹായം ലഭിച്ചവർ

187 [1793] *ശ്രീ. ടി. പി. രാമകൃഷ്ണൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ചികിൽസാ ധനസഹായ സൊസൈറ്റിയിൽ നിന്നും സഹായത്തിനായി 2005 ജൂൺ 30 വരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേരുവിവരവും, ഓരോരുത്തർക്കും അനുവദിച്ച സംഖ്യയും അറിയിക്കാമോ;

(സി) ഇതിൽ എത്ര പേർക്ക് ധനസഹായം നൽകി എന്ന് വിശദമാക്കാമോ;

(ഡി) ബാക്കി സംഖ്യ എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പേരാമ്പ്ര മണ്ഡലം ഉൾപ്പെടുന്ന കോഴിക്കോട് ജില്ലയിൽ നിന്ന് 2005 ജനുവരി ഒന്നുമുതൽ 2005 ജൂൺ 30 വരെ 71 (എഴുപത്തി ഒന്ന്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) — (ഡി) അപേക്ഷകരുടേ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.† ഫണ്ടിന്റെ അപര്യാപ്തതയാൽ അപേക്ഷകരിലാർക്കും തന്നെ ധനസഹായം അനുവദിച്ചിട്ടില്ല. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

ആരോഗ്യ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുക

188 [1794] *ശ്രീ. വി. ചെന്താമരാക്ഷൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രിസദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വികസന പ്രവർത്തനങ്ങൾക്കായി 2001-02, 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിൽ ബഡ്ജറ്റിൽ നീക്കിവച്ച തുക എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്ര വീതം;

(സി) പ്രസ്തുത വർഷങ്ങളിൽ ആരോഗ്യ മേഖലയ്ക്ക് വേണ്ടി വകയിരുത്തിയ തുക എത്ര വീതമാണ്;

(ഡി) ഇതിൽ ചെലവഴിച്ച തുക എത്ര; അനുവദിച്ച തുകയിൽ കുറവു വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/542/2012.—28

LIBRARY ARCHIVES Kerala Legislative Assembly